# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 694 — 11.12.2012- ൽ മറുപടിക്ക്

### കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി പഞ്ചായത്തിലെ മാങ്ങാട്ടു പറമ്പിൽ 36 വർഷക്കാലമായി പ്രവർത്തിച്ചു വരുന്ന പൊതു മേഖലാസ്ഥാപനമായ കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് തകർച്ച നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെൽട്രോൺ കോംപോണനന്റ് കോംപ്ലക്സ് ലിമിറ്റഡ് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമെന്ന നിലയ്ക്ക് ഈ സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ലാഭത്തിലാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | കെൽട്രോൺ കോംപോണനന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഹൈ സി.വി. വാല്യൂ കപ്പാസിറ്റർ - ന്റെ ഉൽപ്പാദനം കൂട്ടുന്നതിനും ഹൈ വോൾട്ടേജ് റേടിയൽ കപ്പാസിറ്റർ -ന്റെ ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനും 2012-13 സാമ്പത്തിക വർഷം 395 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും മറ്റ് സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നതിനായി സർക്കാർ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ